5625
16/3/17

# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമ പ്രകാരം നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപക യോഗ്യതയിൽ എസ്.സി/എസ്.റ്റി/ഒബിസി/പി.എച്ച് വിഭാഗങ്ങൾക്ക് മിനിമം മാർക്കിൽ ഇളവ്- സ്പഷ്ടീകരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(ജെ)വകുപ്പ്

സ.ഉ(കൈ )നം.18/2017/പൊവിവ — തിരുവനന്തപുരം, തീയതി 15/03/2017

---

പരാമർശം: 1. സ.ഉ (കൈ) നം. 213/2014/പൊവിവ 15/10/2014
2. 21-12-2016-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ 432/ബി/2015/കെ.എസ്.സി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്കുള്ള യോഗ്യതാ മാർക്കിൽ എസ്.സി/എസ്.റ്റി/ഒബിസി/ പി.എച്ച് വിഭാഗങ്ങൾക്ക് മിനിമം മാർക്കിൽ 5% ഇളവനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം കെ-ടെറ്റ് പരീക്ഷാ ഫലവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ ലഭിച്ചതിനെ തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന ഭേദഗതികളോടെ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജനറൽ കാറ്റഗറിക്ക് 60% (90 മാർക്ക്) ആയും, എസ്.സി/എസ്.റ്റി/ഒ.ബി.സി വിഭാഗങ്ങൾക്ക് കെ-ടെറ്റ് പാസാകുന്നതിനുള്ള മിനിമം മാർക്ക് 55% (82 മാർക്ക്)ആയും പി.എച്ച് വിഭാഗങ്ങൾക്ക് 50% (75 മാർക്ക്) ആയും നിജപ്പെടുത്തിയിരിക്കുന്നു.
2. കെ-ടെറ്റ് പരീക്ഷയിലെ ഏതെങ്കിലും ചോദ്യങ്ങൾ ഒഴിവാക്കപ്പെടുകയാണെങ്കിൽ അത്തരം ചോദ്യങ്ങൾക്കുള്ള മാർക്കിളവ് എല്ലാ വിഭാഗങ്ങൾക്കും ഒരു പോലെ നല്കേണ്ടതാണ്.
3. എൻ.സി.റ്റി.ഇ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും, എൻ.സി.റ്റി.ഇ /ആർ.സി.ഐ അംഗീകാരമുള്ള അദ്ധ്യാപക യോഗ്യതയ്ക്കുള്ള കോഴ്സുകൾ പഠിക്കുന്നവർക്കും കെ-ടെറ്റ് പരീക്ഷ എഴുതാവുന്നതാണ്.
4. വർഷത്തിൽ രണ്ട് പ്രാവശ്യം കെ-ടെറ്റ് പരീക്ഷ നടത്തുന്നതാണ്.

ഈ ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ഉഷ ടൈറ്റസ്**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക്ക് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും , ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/ (എ & ഇ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഐ& പി. ആർ.ഡി ( വെബ് & ന്യൂ മീഡിയ) (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ